# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ആരക്കുഴ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം (പി 8)1331/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 19/10/2023
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ആരക്കുഴ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ആരക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആരക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഇ.കെ.എം (പി 8)1331/23 തീയ്യതി: 19/10/2023

## എറണാകുളം ജില്ലയിലെ ആരക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ ആരക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ബിന്ദു എസ് നായർ | ഡെപ്യൂട്ടി ഡയറക്ടർ | 04-08-2023 | 11-08-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 04-08-2023 | 11-08-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി മരുൺ മാത്യു, ഓഡിറ്റ് ഓഫീസർ
ശ്രീ.സജീവ് എൻ.എം., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി സ്വപ്ന വി., ഓഡിറ്റർ
ശ്രീ. നബീൽ മുഹമ്മദ് അബ്ബാസ്, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി ഓമന മോഹനൻ | പ്രസിഡന്റ് | 01-04-2022 | 03-02-2023 |
| ശ്രീമതി ജാൻസി മാത്യൂ | പ്രസിഡന്റ് | 04-02-2023 | 31-03-2023 |
| ശ്രീമതി അമിത സി ഒ | സെക്രട്ടറി | 01-04-2022 | 28-09-2022 |
| ശ്രീ നവാസ്.എസ് | സെക്രട്ടറി | 29-09-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ മത്തായിക്കുഞ്ഞ്.റ്റി.ഒ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീ വിനോദ് കുമാർ.പി.എം | അസി. എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീ സന്തോഷ്.സി.ഡി | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ ജോർജ് കെ.എ. | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി.പണ്ടപ്പിള്ളി | 01-04-2022 | 31-03-2023 |
| ഡോ രേഷ്മ ചന്ദ്രൻ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2022 | 10-06-2022 |
| ഒഴിവ് | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 11-06-2022 | 13-06-2022 |
| ഡോ ജയറാണി.പി | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 14-06-2022 | 31-03-2023 |
| ശ്രീമതി ആൻസി മറിയം പോൾ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീമതി ടി.എം.ഷക്കീല | ഹെഡ് മിസ്ട്രസ് ഗവ.എൽ.പി സ്കൂൾ, പണ്ടപ്പിള്ളി | 01-04-2022 | 31-03-2023 |
| ഡോ ലക്ഷ്മി ആർ ചന്ദ്രൻ | വെറ്ററിനറി സർജൻ | 01-04-2022 | 05-05-2022 |
| ഡോ ആര്യ അൽഫോൻസ് | വെറ്ററിനറി സർജൻ | 06-05-2022 | 31-03-2023 |
| ഡോ ഇന്ദുമോൾ ബി | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 31-03-2023 |
| ശ്രീമതി ഗീതാഞ്ജലി .ആർ.ടി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 21-07-2022 |
| ശ്രീമതി ആതിര ചന്ദ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 22-07-2022 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീമതി ദീപ്തി.എൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,മൂവാറ്റുപുഴ സൗത്ത് | 01-04-2022 | 20-07-2022 |
| ശ്രീ അജയൻ.പി.എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,മൂവാറ്റുപുഴ സൗത്ത് | 21-07-2022 | 11-09-2022 |
| ശ്രീമതി നീന.ബി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,മൂവാറ്റുപുഴ സൗത്ത് | 12-09-2022 | 31-03-2023 |
| ശ്രീമതി ദീപ്തി.എൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,ആരക്കുഴ | 01-04-2022 | 14-07-2022 |
| ശ്രീമതി രേവതി വേണു | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,ആരക്കുഴ | 15-07-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല. | 1-1-2 |
| 4 | ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തിയിട്ടില്ല | 1-1-3 |
| 5 | വസ്തുനികുതി കണക്കുകൾ പൊരുത്തപ്പെടുന്നില്ല | 1-1-4 |
| 6 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല | 1-1-5 |
| 7 | ഡെപ്പോസിറ്റ് രജിസ്റ്റർ യഥാവിധി തയ്യാറാക്കിയിട്ടില്ല. | 1-1-6 |
| 8 | സംയുക്ത പ്രോജക്ടിനായി ലഭിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല | 1-1-7 |
| 9 | അഡ്വാൻസ് രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല | 1-1-8 |
| 10 | ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രേഖകൾ ഇല്ല | 1-1-9 |
| 11 | തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല | 1-1-10 |
| 12 | ബജറ്റ് | 1-2 |
| 13 | സാമ്പത്തിക വിശകലനം | 1-3 |
| 14 | ഗ്രാന്റ് വിനിയോഗം | 1-4 |
| 15 | പദ്ധതി അവലോകനം | 1-5 |
| 16 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 17 | ക്ഷേമപദ്ധതികൾ | 1-7 |
| 18 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 19 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 20 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 21 | പഞ്ചായത്തിലെ തനത് ഫണ്ട് സമാഹരണം - അവലോകനം | 1-11 |
| 22 | അനധികൃത നിർമാണങ്ങൾ - വിവരങ്ങൾ കാലികമാക്കിയിട്ടില്ല. | 1-12 |
| 23 | രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-13 |
| 24 | കാർഷിക സർവേ - പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-14 |
| 25 | സമഗ്ര തെങ്ങ് കീട നിയന്ത്രണം-പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-15 |
| 26 | ലൈഫ് ഭവന പദ്ധതി (എസ്.സി)-പണി പൂർത്തീകരിച്ചിട്ടില്ല. | 1-16 |
| 27 | കുടിവെള്ള ടാങ്ക് നിർമ്മാണം, വാർഡ്-07- അപാകത | 1-17 |

| | | |
|---|---|---|
| 28 | ജി.എസ്.ടി ഈടാക്കിയിട്ടില്ല. | 1-18 |
| 29 | ഓഡിറ്റ് ഇംപാക്ട് | 1-19 |
| 30 | തെരുവ് വിളക്ക് സ്ഥാപിക്കലും പരിപാലനവും പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-20 |
| 31 | അതിദാരിദ്ര്യ മൈക്രോപ്ലാൻ പൂർണ്ണമായി നടപ്പിലാക്കിയില്ല | 1-21 |
| 32 | വാതിൽപ്പടി സേവനം നടപ്പാക്കുന്നതിൽ വീഴ്ച | 1-22 |
| 33 | ഡെപ്പോസിറ്റ് പ്രവൃത്തി അവലോകനം | 1-23 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 5 | വായ്പ/ വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-8 |
| 9 | ചാർജ് / സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് പഞ്ചായത്ത് കമ്മിറ്റിയുടെ 30.06.2023 ലെ 5/1 നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 10.07.2023 തീയതിയിൽ, പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ആരക്കുഴ ഗ്രാമ പഞ്ചായത്തിന്റെ മാർച്ച്, 2023 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതിവരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2 .C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോട്ടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ആരക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം: കാക്കനാട്

തീയതി: 19.10.2023 ഡെപ്യൂട്ടി ഡയറക്ടർ

### 1-1-1 വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്)) പ്രകാരം ഉൾപ്പെടുത്തേണ്ട അടിസ്ഥാന അനുപാതങ്ങൾ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-1-2 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് - 633880/- രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating + Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 160182315/-രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും പൊരുത്തപ്പെടുന്നില്ല.

1-1-3 ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തിയിട്ടില്ല

26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. സുസ്ഥിര ആസ്തി, ഉൽപാദന മേഖല ആസ്തി, സേവന മേഖല ആസ്തി, ഇൻഫ്രാസ്ട്രക്ചർ ആസ്തി, തദ്ദേശ സ്ഥാപന ആസ്തി, വിട്ടുകിട്ടിയ സ്ഥാപന ആസ്തി തുടങ്ങിയ ആസ്തി വിഭജന മാനദണ്ഡങ്ങളിലുള്ള ആസ്തി ഡേറ്റാബേസ് പഞ്ചായത്തിൽ നിലവിലില്ല. ആയതിനാൽ വിവിധ മേഖല ഷെഡ്യൂളുകളിൽ 31/03/2023 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റയും മൂല്യത്തിന്റയും ആധികാരികതയും കൃത്യതയും വ്യക്തമല്ല. ILGMS-ൽ ആസ്തി മൊഡ്യൂൾ തയ്യാറാക്കിയ ശേഷം കൃത്യമായി വർഗ്ഗീകരിച്ച ആസ്തികളുടെ വിവരവും മൂല്യവും അക്കൌണ്ട് ചെയ്യേണ്ടതാണ്.

1-1-4 വസ്തുനികുതി കണക്കുകൾ പൊരുത്തപ്പെടുന്നില്ല

വസ്തുനികുതി ഡി.സി.ബി. കണക്കുകൾ സഞ്ചയ സോഫ്റ്റ്‌വെയർ സ്റ്റേറ്റ്മെന്റും വാർഷികകണക്കുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

1-1-5 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല

വസ്തു നികുതി ലെഡ്ജറിൽ വർഷാരംഭത്തിലും തുടർന്ന് എല്ലാമാസവും ഡിമാന്റ് എൻട്രി വരുത്തിയിട്ടില്ല.

1-1-6 ഡെപ്പോസിറ്റ് രജിസ്റ്റർ യഥാവിധി തയ്യാറാക്കിയിട്ടില്ല.

ഡെപ്പോസിറ്റ് രജിസ്റ്റർ യഥാവിധി തയ്യാറാക്കിയിട്ടില്ല. അതിനാൽ തനത് ഫണ്ടിൽ വരവുള്ളതും വൗച്ചറുകൾ പ്രകാരം റീഫണ്ട് നൽകിയിട്ടുള്ളതുമായ ഡെപ്പോസിറ്റുകളുടെ വിവരവും ഈയിനത്തിൽ വാർഷിക കണക്ക് പ്രകാരം രേഖപ്പെടുത്തിയിട്ടുള്ള തുകകളുടെ കൃത്യതയും ഓഡിറ്റിൽ പരിശോധിക്കാനായില്ല.

1-1-7 സംയുക്ത പ്രോജക്ടിനായി ലഭിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല

വാർഷിക ധനകാര്യപത്രിക മുൻവർഷങ്ങളിൽ സംയുക്ത പ്രോജക്ടിനായി ലഭിച്ച ബ്ലോക്ക് പഞ്ചായത്ത് വിഹിതം ₹31128/-, ജില്ല പഞ്ചായത്ത് വിഹിതം ₹ 2968/-നീക്കിയിരിപ്പുണ്ട്. ഈ തുക ഏതെല്ലാം പ്രോജക്ടുകൾക്കായി ലഭിച്ചിട്ടുള്ളതാണെന്ന വിവരം ലഭ്യമാക്കിയില്ല.

1-1-8 അഡ്വാൻസ് രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല

അഡ്വാൻസ് രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ജീവനക്കാർക്ക് അഡ്വാൻസ് നൽകുന്നതും എൻ.ആർ.ഇ.ജി.എസ്. വിഭാഗത്തിലെ ചെലവുകൾക്ക് തനത്ഫണ്ട് നൽകുന്നതുമുൾപ്പടെയുള്ളവ രജിസ്റ്ററിൽ കൃത്യമായി ചേർത്തുവരുന്നില്ല. വാർഷിക കണക്ക് പ്രകാരം ഈയിനത്തിലുള്ള നീക്കിയിരുപ്പ്

3611189/- രൂപയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

### 1-1-9 ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രേഖകൾ ഇല്ല

ഐ-18 ഷെഡ്യൂളിൽ പ്രയർ പിരിയഡ് എക്സ്പെൻസ് ആയി രേഖപ്പെടുത്തിയ വിവിധ തുകകളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. ജേണൽ എൻട്രികൾ പ്രകാരം അഡ്ജസ്റ്റ്മെന്റുകൾ നടത്തിയതിന്റെ കാരണം വ്യക്തമാക്കിക്കൊണ്ടുള്ള കുറിപ്പുകൾ വാർഷിക ധനകാര്യപത്രികയുടെ ഭാഗമാക്കിയിട്ടില്ല.

### 1-1-10 തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല

തൻ വർഷം പഞ്ചായത്ത് കേരള വാട്ടർ അതോറിറ്റിയിലും കെ എസ് ഇ ബി യിലും നിക്ഷേപ പ്രവൃത്തിക്കായി നൽകിയ തുക Advance To Implementing Agencies Deposit With Kerala Water Authority എന്ന ശീർഷകത്തിൽ അഡ്വാൻസായി അക്കൗണ്ട് ചെയ്യുന്നതിന് പകരം പ്രസ്തുത ആസ്തി ശീർഷകത്തിൽ അക്കൗണ്ട് ചെയ്യുകയാണുണ്ടായത്.

### 1-2 ബജറ്റ്

ഭരണസമിതിയുടെ 7.3.22ലെ 1/1 നമ്പർ തീരുമാന പ്രകാരം ബജറ്റും, 08.03.23ലെ 1/1 നമ്പർ തീരുമാന പ്രകാരം പുതുക്കിയ ബജറ്റും അംഗീകരിച്ച വിശദാംശങ്ങൾ താഴെചേർക്കുന്നു.

| ബജറ്റ് | | പുതുക്കിയ ബജറ്റ് |
|---|---|---|
| മുന്നിരിപ്പ് | 4893258 | 5208607 |
| വരവ് | 142199560 | 130947560 |
| ആകെ | 147092818 | 136156167 |
| ചെലവ് | 140501000 | 133668352 |
| നീക്കിയിരിപ്പ് | 6591818 | 2487815 |

### 1-3 സാമ്പത്തിക വിശകലനം

| | | |
|---|---|---|
| മുന്നിരുപ്പ് | : | ₹12672079.00 |
| ഓഡിറ്റ് വർഷത്തെ വരവ് | : | ₹24792268.00 |
| ആകെ | : | ₹37464347.00 |
| ഓഡിറ്റ് വർഷത്തെ ചെലവ് | : | ₹24158388.00 |
| നീക്കിയിരുപ്പ് | : | ₹13305959.00 |

ഈ പത്രികയിലെ ഗ്രാമപഞ്ചായത്തിന്റെ വരവ്-ചെലവുകൾ റസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ട് ആധാരമാക്കിയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ കണക്കുകളിൽ ഉൾപ്പെട്ടിട്ടില്ലാത്ത ഗ്രാന്റുകളുടേയും മറ്റ് വരവ്-ചെലവുകൾ തുടർ ഖണ്ഡികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

### 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് പ്രകാരം വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് | ചെലവഴിക്കാതെ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 9024602 | 9024602 | 8980186* | 0 | 44416 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 1763553 | 1763553 | 1763553* | 0 | 0 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | | | | | |

| | | | | | | |
|---|---|---|---|---|---|---|
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 2872000 | 2872000 | 2710903 | | 161097 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 4570000 | 4570000 | 3029379 | | 1540621 |
| ധനകാര്യ കമ്മീഷൻ അവാർഡ് (Untied-ട്രഷറി) | 0 | 74444 | 74444 | 74444 | | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് (Untied-ബാങ്ക്) | 37899 | 2251352 | 2289251 | 2119032 | 170219 | |
| ധനകാര്യ കമ്മീഷൻ അവാർഡ് (Tied-ബാങ്ക്) | 2353380 | 3212000 | 5565380 | 3618707 | 1946673 | |
| അങ്കണവാടി പൂരക പോഷകാഹാരം 320100196 | 135086 | 952776 | 1087862 | 522200 | 565662 | |
| സ്വച്ച് ഭാരത് മിഷൻ 320200304 | 48363 | - | 48363 | - | 48363 | |
| ശുചിത്വമിഷൻ 320100198 | 1012617 | - | 1012617 | - | 1012617 | |
| പശ്ചിമഘട്ട വികസന പദ്ധതി 320100186 | 103540 | 4183 | 107723 | -- | 107723 | |
| നിർമ്മൽ പുരസ്കാർ 320100191 | 126999 | - | 126999 | - | 126999 | |
| ഹെൽത്ത് ഗ്രാന്റ് വെൽനെസ് സെന്റർ വികസനം 320100204 | | 136923 | 136923 | -- | 136923 | |
| ഹെൽത്ത്ഗ്രാന്റ് അടിസ്ഥാന സൗകര്യ വികസനം 320100202 | | 268959 | 268959 | - | 268959 | |
| 320300199 (ആശ്രയ ചലഞ്ച് ഫണ്ട്) | 2584833 | 24233333 | 26818166 | 25566666 | 1251500 | |
| 320200399 ആയുഷ് ഫണ്ട് | 24644 | 500000 | 524644 | - | 524644 | |

നോട്ട്

ധനകാര്യ കമ്മീഷൻ അവാർഡ് (Untied-ബാങ്ക്) ആകെ വരവ് അലോട്ട്മെന്റ് പ്രകാരമുള്ള ₹2141000/- + പലിശയിനത്തിലുള്ള ₹110352/- ചേർത്ത് ₹2251352/- ആണ്. ധനകാര്യ കമ്മീഷൻ അവാർഡ് Untied – ആകെ ചെലവ് എസി ആർ പ്രകാരം ₹2189087/- ആണ്. ഇതിൽ നിന്നും ധനകാര്യ കമ്മീഷൻ അവാർഡ് (Untied-ട്രഷറി) ചെലവ് ₹74444/- കിഴിവ് ചെയ്താൽ ₹ 2114643/- ആണ് എ സി ആർ പ്രകാരം ധനകാര്യ കമ്മീഷൻ അവാർഡ് (Untied-ബാങ്ക്) ൽ ചെലവ് വരേണ്ട തുക എന്നാൽ അക്കൗണ്ട് പ്രകാരം ആകെ ചെലവ് ₹2119032/- ആണ്. ധനകാര്യകമ്മീഷൻ അവാർഡ് (Tied) ആകെ ചെലവ് എ.സി.ആർ.പ്രകാരവും, സുലേഖ പ്രകാരവും ₹36,18,707/- ആണ്. എന്നാൽ ഇൻകം&എക്സ്പെൻഡിച്ചർ പ്രകാരം ആകെ ചെലവ് ₹33,53,114/-ആണ്.

| ഫണ്ടിനം | ജി ഒ പ്രൊജക്ട് | ACR പ്രകാരം ചെലവ് | I6 പ്രകാരം ചെലവ് |
|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 1491178 | 8980186 | 10471364 |

| | | | |
|---|---|---|---|
| വികസന ഫണ്ട് (എസ് സി പി) | 241447 | 1763553 | 2005000 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത്/ പൂർത്തീകരിച്ചത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 114 | 1468000 | 97 | 1012745 | - | 17 | 85 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 6,513 | 15,40,329 | 15,46,842 | 15,46,842 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 1,51,58,000 | 1,51,58,000 | 1,51,58,000 | 0 |
| ആകെ | 6,513 | 1,66,98,329 | 1,67,04,842 | 1,67,04,842 | 0 |

## 1-7 ക്ഷേമപദ്ധതികൾ

| ക്ഷേമപെൻഷൻ | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 2,880 | 2 |
| കർഷക തൊഴിലാളി പെൻഷൻ | 15,16,200 | 131 |
| വാർദ്ധക്യകാലപെൻഷൻ | 1,45,70,200 | 1333 |
| വിധവാപെൻഷൻ | 47,23,000 | 443 |
| വികലാംഗപെൻഷൻ | 15,45,600 | 147 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ | 3,51,400 | 31 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 1,80,000 | 6 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.08.2023 തീയതിയിൽ ഉച്ചയ്ക്ക് 3.45 P.M സമയത്ത് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തി. ക്യാഷ് ബാലൻസ് ₹7054/- ന്റെ കൃത്യത പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. രജിസ്റ്ററുകളും ഫയലുകളും നല്ല രീതിയിൽ പരിപാലിച്ചിട്ടുണ്ട്. ഓഫീസ് ഓർഡർ വഴി കാലാകാലങ്ങളിൽ ചുമതലാവിഭജനം നടത്തി സെക്ഷനുകളുടെ ചുമതലകളിൽ ക്രമീകരണം വരുത്തിയിട്ടുണ്ട്. പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ ഒന്നും തന്നെ ചർച്ച ചെയ്തിട്ടില്ല. സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതിന് വാർഷികാവശ്യങ്ങളെ തിട്ടപ്പെടുത്തിയുള്ള പ്രൊക്വയർമെന്റ് പ്ലാനും ബജറ്റും തയ്യാറാക്കാതെ, ഓരോ നിർവ്വഹണോദ്യോഗസ്ഥനെയും വാങ്ങലിന് ചുമതലപ്പെടുത്തുന്ന രീതിയാണുള്ളത്. പഞ്ചായത്ത് സേവനങ്ങൾക്കുള്ള ഏകജാലക സംവിധാനമായ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിച്ച് വരുന്നുണ്ട്. പദ്ധതികളുടെ നിർവഹണം കാര്യക്ഷമമാണോ എന്ന് മോണിറ്ററിംഗ് സമിതി കൃത്യമായി പരിശോധിക്കുന്നില്ല. പദ്ധതികളുടെ

നിർവഹണം സംബന്ധിച്ച മോണിറ്ററിംഗ് കാര്യക്ഷമമാക്കേണ്ടതാണ്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 08.10.2020 | 01.02.2020 മുതൽ 30.09.2020 വരെ | 22.02.2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22.01.2014 മുതൽ 04.02.2014 വരെ | 2008-09 മുതൽ 2012-13 വരെ | 19.03.2014 |

1-11 പഞ്ചായത്തിലെ തനത് ഫണ്ട് സമാഹരണം - അവലോകനം

ആരക്കുഴ പഞ്ചായത്തിലെ 2022-23 സാമ്പത്തിക വർഷത്തെ ടാക്സ് ഓഡിറ്റിന്റെ അവലോകനം താഴെ കൊടുക്കുന്നു.

01-04-2022 മുതൽ 31-03-2023 വരെ ആരക്കുഴ ഗ്രാമപഞ്ചായത്തിന്റെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 13 യോഗങ്ങൾ ചേർന്നിട്ടുണ്ട്. തനത് വരുമാനം വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്തതിന്റെയോ തനത് വരുമാനം വർധിപ്പിക്കുന്നതിലേക്കായി ഭരണ സമിതിക്ക് ശിപാർശകൾ നൽകിയതിന്റേയോ വിവരങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിറ്റ്സിൽ ഇല്ല. പഞ്ചായത്തിന്റെ ബജറ്റിൽ നിർദ്ദേശിച്ചിട്ടുള്ള തനത് വരുമാനങ്ങൾ നിശ്ചിത സമയപരിധിക്കുള്ളിൽ സമാഹരിച്ചിട്ടുണ്ടെന്നും മുൻ വർഷങ്ങളിലേയോ തന്നാണ്ടിലേയോ വരവിനങ്ങളൊന്നും സാമ്പത്തിക വർഷാവസാനത്തിൽ പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നില്ലെന്നും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പാക്കിയതായി കാണുന്നില്ല. മാത്രമല്ല ബജറ്റും വരവുകളുമായുള്ള അന്തരവും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ചതായി കാണുന്നില്ല. 6.2.23 ലെ (2) നമ്പർ തീരുമാന പ്രകാരം വസ്തു നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിന് കളക്ഷൻ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചു. നികുതികൾ, നികുതിയേതര വരുമാനങ്ങൾ എന്നിവ ഡിമാന്റ് ചെയ്യുന്നതിൽ നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്. പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നിലവിലുള്ള ഇനങ്ങളിൽ നിന്നും കൂടുതൽ വരുമാനം ഉറപ്പാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ ഒന്നും തന്നെ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി തയ്യാറാക്കുന്ന ബജറ്റ് നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തിയിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതി കൂടി പരിഗണിച്ച് അധിക വിഭവ സമാഹരണത്തിനുതകുന്ന ക്രിയാത്മക നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നിലവിലുള്ള ഇനങ്ങളിൽ നിന്നും കൂടുതൽ വരുമാനം ഉറപ്പാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി തയ്യാറാക്കുന്ന ബജറ്റ് നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിന്റെ അനുമതിയില്ലാതെ നിർമ്മാണവും വിപുലീകരണവും നടത്തുകയും പിന്നീട് ക്രമവൽക്കരണം നടത്തി നികുതി ഈടാക്കി വരുകയും ചെയ്യുന്നുണ്ട്. എന്നാൽ ഇത്തരം അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ കണ്ടെത്തി റിപ്പോർട്ട് ചെയ്ത് തുടർ നടപടി സ്വീകരിച്ച് യഥാസമയം നികുതി ഈടാക്കുന്നതിന് നടപടി എടുക്കുന്നതിന് സാധിച്ചിട്ടില്ല. കൂട്ടിച്ചേർക്കലുകൾക്കായി പെർമിറ്റ് അനുവദിച്ച കെട്ടിടങ്ങളിൽ പെർമിറ്റ് പുതുക്കാത്ത കെട്ടിടങ്ങളും നിർമ്മാണത്തിനായി എൻ.ഒ.സി. അനുവദിച്ച കെട്ടിടങ്ങളും ഫീൽഡ് തല പരിശോധന നടത്തി, നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ തുടർനടപടികൾ സ്വീകരിച്ച് വസ്തുനികുതി പുനർനിർണ്ണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.ഗ്രാമ പഞ്ചായത്ത് വാർഡ് 9 ലെ ശ്രീ ദീപു ജേക്കബ് & അനുദീപു എന്നിവരുടെ ഉടമസ്ഥതയിലുള്ള സർവെ നമ്പർ 34/1, 34/4A, 34/2 പ്പെട്ട 283.92 ആർ സ്ഥലത്ത് 1457 ച.മീ

വിസ്തൃതിയുള്ള കൺവെൻഷൻ സെന്റർ പണിയുന്നതിന് ഗ്രാമപഞ്ചായത്ത് പെർമിറ്റ് നൽകിയിട്ടുണ്ട്. പെർമിറ്റ് നം.A2- BA (250327)/2018, റെഫറൻസ് അപ്ലിക്കേഷൻ നം.A2/3326/2018തീയതി 8.8.2018. ജേക്കബ്സ് കൺവെൻഷൻ സെന്റർ & ഹെൽത്ത് ക്ലബ് കംപ്ലീഷൻ&റെഗുലറൈസേഷൻ പ്ലാനിൽ 2814.69 ച.മീ വിസ്തീർണ്ണം പൂർത്തീകരിച്ചിട്ടുണ്ട് കൺവെൻഷൻ സെന്റർ 31.12.2020 തീയതിയിൽ നിർമ്മാണം പൂർത്തീകരിച്ചതായി ഉടമസ്ഥൻ സാക്ഷ്യപത്രം നൽകിയിട്ടുണ്ട്. പെർമിറ്റനുവദിച്ചതിനേക്കാൾ അധികരിച്ച് നിർമ്മിച്ച വിസ്തീർണ്ണം ക്രമവൽക്കരിച്ച് അധികവസ്തു നികുതി നിർണ്ണയിക്കേണ്ടതുണ്ട്. എന്നാൽ നാളിതുവരെയും നിർമ്മാണം ക്രമവൽക്കരിച്ചതിന്റെ വിവരം ക്രമവൽക്കരണ രജിസ്റ്ററിൽ ചേർത്തിട്ടുള്ളതായി കാണുന്നില്ല. ആയതിന്റെ വസ്തുനികുതി നിർണ്ണയിച്ചീടാക്കിയിതിന്റെ വിവരം ലഭ്യമല്ല. കൂടാതെ അനധികൃത നിർമ്മിതിക്ക് യു.എ നമ്പർ നൽകി കെട്ടിടത്തിന് വസ്തു നികുതി നിർണ്ണയിച്ച് ഈടാക്കിയിട്ടുള്ളതായും കണ്ടുന്നില്ല. ഗ്രാമപഞ്ചായത്തിലെ വിവരാവകാശ ഫയലുകൾ പരിശോധിച്ചതിൽ നിന്നും ശ്രീ ബിജു തോട്ടുപുരം എന്ന വ്യക്തിയുടെ ഫയൽ നമ്പർ HC /104/22 തീയതി 12.1.2022 പ്രകാരം ലഭിച്ച അപേക്ഷക്കുള്ള മറുപടിയിൽ പെരിങ്ങഴ പള്ളിക്ക് സമീപം പ്രവർത്തിക്കുന്ന സെന്റ്ജോസഫ്സ് ഓഡിറ്റോറിയം പെർമിറ്റില്ലാതെയാണ് നിർമ്മിച്ചതെന്ന് ഗ്രാമപഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. എന്നാൽ ടി ഓഡിറ്റോറിയം യു.എ. രജിസ്റ്ററിൽ ഉൾപ്പെടുത്തിയില്ല. അനധികൃത നിർമിതികൾക്ക് ചട്ട പ്രകാരം ഈടാക്കേണ്ടതുമായ വസ്തുനികുതി ഈടാക്കുന്നില്ല എന്നത് ഇതിൽ നിന്നും വ്യക്തമാകുന്നു.

സ.ഉ(കൈ)നം.77/2023/തസ്വഭവ, 22-03-2023 പ്രകാരം 01-04-2023 പ്രാബല്യത്തിൽ വസ്തു നികുതി പുതുക്കി നിശ്ചയിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശം പാലിച്ച് 25.05.2023 ലെ എസ്.സി.1-1681/2023 പ്രകാരം കരട് വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുണ്ട്. എന്നാൽ പുതിയ വസ്തു നികുതി നിരക്കുകളുടെ അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുകയോ സോഫ്റ്റ്‌വെയർ അപ്ഡേഷൻ ചെയ്യുകയോ അപാകതകൾ പരിഹരിക്കുകയോ ചെയ്തിട്ടില്ല. നിലവിൽ പുതിയ നിരക്കിൽ നികുതി ഈടാക്കി തുടങ്ങിയിട്ടില്ല.

കെട്ടിടനിർമ്മാണം, മാലിന്യസംസ്കരണം, എഫ്.ടി.ഇ & ഒ.എസ് ലൈസൻസ്, ശുചിത്വം തുടങ്ങി ഗ്രാമപഞ്ചായത്തിനെ ചുമതലയേൽപ്പിച്ച മേഖലകളിലെ നിയമലംഘനങ്ങൾ റിപ്പോർട്ട് ചെയ്യേണ്ട ഉത്തരവാദിത്വം ബന്ധപ്പെട്ടവർ നിർവഹിക്കുന്നുണ്ടോയെന്ന് ഉറപ്പ് വരുത്തേണ്ടതും ഇതു സംബന്ധിച്ച റിപ്പോർട്ടുകൾ ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കാനുള്ള സംവിധാനങ്ങൾ ഒരുക്കേണ്ടതുമാണ്. നികുതി നികുതിയേതരവരവുകൾ പിരിച്ചെടുക്കുന്നത് യഥാസമയം ഗ്രാമപഞ്ചായത്ത് അക്കൗണ്ടിൽ അടവാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. 01-06-2022 ലെ സ.ഉ.(കൈ) നം.117/2022/LSGD പ്രകാരം വരവിനങ്ങളുടെ കുടിശ്ശികയും, കുടിശ്ശിക കാലയളവും സൂചിപ്പിക്കുന്ന ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതുണ്ട്. എന്നാൽ പ്രസ്തുത രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാദ്ധ്യസ്ഥരായവർ (സ്വയംതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റു പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ, ഗ്രാമ പഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ, ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ തുടങ്ങിയവർ), സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാദ്ധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല. പ്രതീക്ഷിത വർഷം തൊഴിൽ നികുതി അടക്കാൻ ബാധ്യസ്ഥരായ ആൾക്കാരുടെ ഡാറ്റാബേസ് തയ്യാറാക്കുന്നതിലൂടെ പ്രൊഫഷണൽസ്, മരാമത്ത് കരാറുകാർ, മറ്റ് കച്ചവടസ്ഥാപനങ്ങളിലെ തൊഴിലാളികൾ എന്നിവരുടെ തൊഴിൽ നികുതി കൃത്യമായി ഈടാക്കാൻ സാധിക്കുന്നു. സ.ഉ (പി) നം. 78/2017/ത.സ്വ.ഭ.വ തീയതി 31.10.2017 ഭേദഗതി ചട്ടങ്ങൾ ചട്ടം 14 എ പ്രകാരം തൊഴിൽ നികുതി അടക്കുന്നതിനുള്ള ഓൺലൈൻ സംവിധാനം പ്രോത്സാഹിപ്പിക്കാൻ ശ്രദ്ധിക്കേണ്ടതാണ്

1-12 അനധികൃത നിർമാണങ്ങൾ - വിവരങ്ങൾ കാലികമാക്കിയിട്ടില്ല.

തദ്ദേശ സ്വയംഭരണ (ആർ.എ) വകുപ്പ് നം.29342/RA1/2014 തീയതി 19.05.2014 പ്രകാരം അനധികൃത

നിർമ്മാണത്തെക്കുറിച്ചുള്ള വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ തദ്ദേശ സ്വയംഭരണ സ്ഥാപനം സൂക്ഷിക്കേണ്ടതും അനധികൃത നിർമ്മാണങ്ങൾ സർക്കാരിന്റെ വെബ്സൈറ്റിലും സ്ഥാപനത്തിന്റെ നോട്ടീസ് ബോർഡിലും പ്രസിദ്ധീകരിക്കേണ്ടതും ചട്ടലംഘനങ്ങൾ പരിഹരിച്ച ശേഷം കെട്ടിടം നിയമാനുസൃതമാകുമ്പോഴും പ്രസ്തുത രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും സെക്രട്ടറി ഓരോ മാസത്തിന്റെയും അവസാനത്തെ ആഴ്ച പ്രസ്തുത രജിസ്റ്റർ പരിശോധിക്കേണ്ടതുമാണ്.

എന്നാൽ ആരക്കുഴ ഗ്രാമപഞ്ചായത്തിലെ അനധികൃത നിർമാണങ്ങൾ സംബന്ധിച്ച് ചട്ട പ്രകാരമുള്ള നികുതി വരവ് സംബന്ധിച്ച് നടത്തിയ പരിശോധനയിൽ സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നും ലഭ്യമായ യു.എ. റിപ്പോർട്ടിൽ അനധികൃത നിർമാണങ്ങൾ ഇല്ല എന്നാണ് കാണുന്നത്. യു.എ. രജിസ്റ്റർ(കൈയെഴുത്ത്) പരിശോധിച്ചതിൽ 2011-12 മുതൽ നാളിതുവരെ ആകെ 14 കെട്ടിടങ്ങൾ സംബന്ധിച്ച വിവരങ്ങൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളതെന്നും, ടി കെട്ടിടങ്ങൾക്ക് യു.എ. നമ്പർ നൽകിയിട്ടില്ല എന്നും ചട്ടപ്രകാരമുള്ള വസ്തുനികുതി ഈടാക്കുന്നില്ല എന്നും പരിശോധനയിൽ വ്യക്തമാകുന്നു. എന്നാൽ ക്രമവൽകരണ അപേക്ഷകൾ സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുന്ന രജിസ്റ്ററിൽ നിന്നുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിൽ വർഷാവർഷം അനധികൃത നിർമാണങ്ങൾ പഞ്ചായത്ത് പരിധിയിൽ നടക്കുന്നുണ്ട് എന്നതു വ്യക്തമാണ്. സഞ്ചയ സോഫ്റ്റ് വെയർ, യു.എ. രജിസ്റ്റർ എന്നിവ കലികമാക്കി സൂക്ഷിക്കുന്നില്ല എന്നും മേൽ ചട്ടപ്രകാരം സെക്രട്ടറി പരിശോധന നടത്തി തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല എന്നത് വിശദീകരണം ലഭ്യമാക്കുവാനവശ്യപ്പെട്ട് 10.08.2023 ൽ നൽകിയ 12-ാം നമ്പർ അന്വേഷണകുറിപ്പിന് ലഭ്യമായ മറുപടിയിൽ, ഓഡിറ്റ് അന്വേഷണകുറുപ്പിൽ പരാമർശിച്ച അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ അടിയന്തരമായി സ്വീകരിക്കുന്നതാണെന്നും വിശദവിവരം രേഖാമൂലം ഓഡിറ്റിന് സമർപ്പിക്കുന്നതുമാണ് എന്ന് അറിയിച്ചിട്ടുണ്ട്.

മേൽ ചട്ട പ്രകാരം അനധികൃത നിർമ്മാണത്തെക്കുറിച്ചുള്ള വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ തദ്ദേശ സ്വയംഭരണ സ്ഥാപനം കാലികമാക്കി സൂക്ഷിക്കേണ്ടതും അനധികൃത നിർമ്മാണങ്ങൾ സർക്കാരിന്റെ വെബ്സൈറ്റിലും സ്ഥാപനത്തിന്റെ നോട്ടീസ് ബോർഡിലും യഥാ സമയം പ്രസിദ്ധീകരിക്കേണ്ടതും ചട്ടലംഘനങ്ങൾ പരിഹരിച്ച ശേഷം കെട്ടിടം നിയമാനുസൃതമാകുമ്പോഴും പ്രസ്തുത രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും സെക്രട്ടറി ഓരോ മാസത്തിന്റെയും അവസാനത്തെ ആഴ്ച പ്രസ്തുത രജിസ്റ്റർ പരിശോധിക്കേണ്ടതും തനത് വരവ് മെച്ചപ്പെടുത്തേണ്ടതുമാണ്. ടി വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ സത്വര നടപടികൾക്കായി അറിയിക്കുന്നു.

1-13 രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | പാലിയേറ്റീവ് കെയർ പദ്ധതി |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ - സി.എച്ച്.സി. |
| പ്രോജക്ടിന്റെ നം / വർഷം | S0015/2022-23 |
| അടങ്കൽ തുക / ഫണ്ട് | ₹710000 /-<br>( 360000 – പെതു വിഭാഗം സാധാരണവിഹിതം ,<br>350000 - ബ്ലോക്ക് പഞ്ചായത്ത് ) |
| ചെലവ് തുക/ ബിൽ നം തീയതി | ₹581725 /-<br>( 359805/- – പെതു വിഭാഗം സാധാരണ വിഹിതം ,<br>221920/- - ബ്ലോക്ക് പഞ്ചായത്ത് ) |
| ട്രഷറി ബിൽ നം.<br>– തുക / തീയതി | 01/22-23 – 29771 / 31.05.2022<br>02/22-23 – 37610 / 31.05.2022<br>03/22-23 – 39130 / 18.06.2022<br>04/22-23 – 12000 / 13.07.2022<br>05/22-23 – 45190 / 21.07.2022<br>06/22-23 – 11200 / 22.08.2022<br>07/22-23 – 58160 / 22.08.2022<br>08/22-23 – 45970 / 06.09.2022<br>09/22-23 – 37970 / 19.10.2022 |

| | |
|---|---|
| | 10/22-23 – 40210/ 05.11.2022<br>11/22-23 – 39610 / 16.12.2022<br>12/22-23 – 79100 / 16.02.2023<br>15/22-23 – 37390 / 09.03.2023<br>17/22-23 – 50024/ 29.03.2023<br>18/22-23 – 18390 / 31.03.2023 |

ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം മേൽ പട്ടികയിൽ വിശദീകരിച്ച പദ്ധതിക്കായി ആകെ ₹5,81,725/- ചെലവ് വന്നിട്ടുണ്ട്. എന്നാൽ പ്രസ്തുത പദ്ധതിയുടെ ചെലവ് പരിശോധനയ്ക്കായി നിർവഹണ ഉദ്യോഗസ്ഥൻ ഹാജരാക്കിയ രേഖകളിൽ ₹1,06,511/- യ്ക്ക് പര്യാപ്തമായ ചെലവ് രേഖകൾ ഇല്ലാത്തതായി കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. ട്രഷറി ബിൽ നം. 01/22-23 – തുക ₹ 29771 / തീയതി 31.05.2022

2. ട്രഷറി ബിൽ നം.02/22-23 – തുക ₹ 37610 / തീയതി 31.05.2022

3. ട്രഷറി ബിൽ നം. 03/22-23 – തുക ₹ 39130 / തീയതി 18.06.2022

ആയത് ഹജരാക്കുവാനാവശ്യപ്പെട്ട് 14-ാം നമ്പർ അന്വേഷണ കുറിപ്പ് 11.08.2023-ൽ നൽകിയെങ്കിലും രേഖകളോ മറുപടിയോ ഓഡിറ്റിന് ഹജരാക്കിയില്ല. ആയതിനാൽ പദ്ധതിക്കായി ചെലവാക്കിയിട്ടുള്ള ₹1,06,511/- യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-14 കാർഷിക സർവേ - പദ്ധതി നടത്തിപ്പിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിൽ 2022-23 സാമ്പത്തിക വർഷത്തിൽ കൃഷി ഓഫീസർ നടപ്പിലാക്കിയ പദ്ധതിയുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പദ്ധതിയുടെ പേര് /നം | കാർഷിക സർവ്വേ / 74/22-23 |
| അടങ്കൽ തുക | 100000/-(വികസന ഫണ്ട്, പൊതുവിഭാഗം) |
| ചെവല് തുക | 79956/-(വികസന ഫണ്ട്, പൊതുവിഭാഗം) |
| തുക/ബിൽ നം/തീയതി | 1)9810/-, 13/22-23, 8.2.2023<br>2)23346/-, 15/22-23, 21.2.2023<br>3)46800/-, 20/22-23, 18.3.2023 |

എല്ലാ കർഷകരുടെയും കർഷക കുടുംബങ്ങളുടേയും സമ്പൂർണ്ണ കാർഷിക വിവരശേഖരണത്തിലൂടെ പഞ്ചായത്തിലെ നിലവിലെ കൃഷിയും ഭാവിയിലെ കൃഷിയും കൂടുതൽ മെച്ചപ്പെട്ട അനുബന്ധ സേവനം ലഭ്യമാക്കേണ്ടതിന്റെ വിവരങ്ങളും പദ്ധതികളിൽ അർഹരായ എല്ലാ കർഷകരേയും ഉൾക്കൊള്ളിക്കുന്നതിനും വേണ്ടിയാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ച് കുടുംബശ്രീ മുഖേന തെരഞ്ഞെടുത്ത സർവ്വേ ടീമിനാണ് പദ്ധതി നടത്തിപ്പിന്റെ ചുമതല നൽകിയിരിക്കുന്നത്.

പദ്ധതിയുടെ ഭാഗമായി ബിൽ നം.1 പ്രകാരം സർവ്വേ ടീമിനാവശ്യമായ നോട്ട്ബുക്കുകൾ ഉൾപ്പെടെയുള്ള സ്റ്റേഷനറി സാധനങ്ങൾ വാങ്ങി നൽകിയിട്ടുണ്ട്. ബിൽ നം. 2 പ്രകാരം 1297 വീടുകളുടെ (വാർഡ് നം.-4,10,11,12,13,)സർവ്വേ പൂർത്തീകരിച്ചതിന് വീടൊന്നിന് 18/- രൂപ നിരക്കിൽ സി.ഡി.എസ് ചെയർപേഴ്സൺന്റെ അക്കൗണ്ടിലേക്ക് 23346/- രൂപയും. ബിൽ നം. 3 പ്രകാരം 2600 വീടുകളുടെ(വാർഡുനം.-1,2,3,5,6,7,8,9) സർവ്വേ പൂർത്തീകരിച്ചതിന് വീടൊന്നിന് 18/- രൂപ നിരക്കിൽ 46800/- രൂപയും നൽകിയിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

<u>സർവ്വേ നടത്തിയ വീടുകളുടെ എണ്ണം</u>

(ഡാറ്റാ ഷീറ്റ് പരിശോധിച്ച പ്രകാരവും തുക നൽകിയ എണ്ണമനുസരിച്ചും)

| ക്രമ നം. | കുടുംബശ്രീ അംഗങ്ങളുടെ പേര് | വാർഡ് നം. | സർവ്വേ പൂർത്തീകരിച്ച വീടുകളുടെ എണ്ണം (ഫയലിൽ | നൽകിയ തുക | സർവ്വേ പൂർത്തീകരിച്ച വീടുകളുടെ എണ്ണം (ഡാറ്റാ ഷീറ്റ് പരിശോധിച്ചത് | അധികം നല്കിയ തുക |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | തുക നൽകിയിരിക്കുന്നത് പ്രകാരം) | | പ്രകാരം) | |
| 1 | സൗമ്യ അജി കുമാർ | 1 | 370 | 6660 | 299 | 1278 |
| 2 | എൽസി സെബാസ്റ്റ്യൻ | 2 | 340 | 6120 | 176 | 2952 |
| 3 | ആൻമേരി റെജി | 3 | 324 | 5832 | 324 | - |
| 4 | കമലഷാജി | 4 | 310 | 5580 | 215 | 1710 |
| 5 | ഗീത ശശി | 5 | 353 | 6354 | 310 | 774 |
| 6 | ആഷാ ഉണ്ണിക്യഷ്ണൻ | 6 | 270 | 4860 | 354 | ഡാറ്റാ ഷീറ്റ് പ്രകാരം സർവേ നടത്തിയ 84 വീടുകളുടെ എണ്ണം കൂട്ടതലായി രേഖപ്പെടുത്തിയിരിക്കുന്നു |
| 7 | ശോഭ | 7 | 330 | 5940 | ഡാറ്റാ ഷീറ്റ് പരിശോധനക്കായി ലഭ്യമായിട്ടില്ല | 5940 |
| 8 | നിഷ സുരേന്ദ്രൻ | 8 | 303 | 5454 | 208 | 1710 |
| 9 | ലത കെ.എ | 9 | 280 | 5040 | 303 | ഡാറ്റാ ഷീറ്റ് പ്രകാരം സർവേ നടത്തിയ 23 വീടുകളുടെ എണ്ണം കൂട്ടതലായി രേഖപ്പെടുത്തിയിരിക്കുന്നു |
| 10 | സിജിമോൾ എബ്രഹാം | 10 | 270 | 4860 | 270 | - |
| 11 | ശാന്തി മോൾ ചാക്കോ | 11 | 233 | 4194 | 233 | - |
| 12 | മിനി രാജു | 12 | 284 | 5112 | 284 | - |
| 13 | ഷൈമോൾ ജോർജ് | 13 | 230 | 4140 | 217 | 234 |
| | ആകെ | | | 70146 | | 14598 |

മുകളിൽ കൊടുത്തിരിക്കുന്ന 2 ബില്ലുകളിലും(ബിൽ നം.2,3) സർവ്വേ പൂർത്തീകരിച്ചതിനു ശേഷം ടീമിലുൾപ്പെട്ട കുടുംബശ്രീ പ്രവർത്തകർ തുക കൈപ്പറ്റിയ രേഖകളോ സന്ദർശിച്ച വീടുകൾ സംബന്ധിച്ച വിവരങ്ങളോ ഓരോ വാർഡുകളിലും വീടുകൾ സന്ദർശിച്ച് ശേഖരിച്ച ഡാറ്റകളോ മറ്റ് അനുബന്ധരേഖകളോ പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ലായിരുന്നു. മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറി (നം.6/9.8.2023) പ്രകാരം വാർഡ് 7 ഒഴികെയുള്ള വാർഡുകളിലെ ഡാറ്റാ കളക്ഷൻഷീറ്റുകളും കുറച്ചു പേരുടെ പണം കൈപ്പറ്റിയ രേഖകളും പരിശോധനക്കായി ലഭ്യമാക്കി. ആയതിൽ വാർഡ് നം. 3,10,11,12 എന്നീ വാർഡുകളൊഴിച്ചുള്ള വാർഡുകളിലെ സർവ്വേ നടത്തിയ വീടുകളുടെ എണ്ണം (ഡാറ്റാ ഷീറ്റ് പരിശോധിച്ച പ്രകാരവും തുക നൽകിയ എണ്ണമനുസരിച്ചും) പൊരുത്തപ്പെടുന്നില്ല. പണം കൈപ്പറ്റിയ രേഖകൾ ഹാജരാക്കിയതിൽ ക്രമ നം.2, 6, 7 എന്നിവയിലെ വ്യക്തികൾ തുക കൈപ്പറ്റിയ രേഖകൾ പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല. ക്രമ നം. 3 ലെ വ്യക്തിയായ ആൻമേരി റെജിയുടെ കൈപ്പറ്റ് രസീതിൽ ₹4860/- കൈപ്പറ്റിയതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

(ബിൽ നം.3 പ്രകാരം നൽകിയ തുക – ₹5832/-)

പരാമർശത്തിലെ അപാകതകൾ പരിഹരിക്കേണ്ടതും രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതുമാണ്. അപാകതകൾ പരിഹരിക്കുന്നതു വരെ അധികം നൽകിയ തുക ₹14598/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-15 സമഗ്ര തെങ്ങ് കീട നിയന്ത്രണം-പദ്ധതി നടത്തിപ്പിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിൽ 2022-23 സാമ്പത്തിക വർഷത്തിൽ കൃഷി ഓഫീസർ നടപ്പിലാക്കിയ പദ്ധതിയുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പദ്ധതിയുടെ പേര് /നം | സമഗ്രതെങ്ങ്കീട നിയന്ത്രണം /85/22-23 |
| ആകെ അടങ്കൽ തുക | 1269240/-<br>1)1087920/-(വികസന ഫണ്ട്,പൊതുവിഭാഗം)<br>2)181320/-(മറ്റുള്ളവ)(ഗുണഭോക്തൃ വിഹിതം ) |
| ആകെ ചെലവ് തുക | 1269240/-<br>1)1087920/-(വികസന ഫണ്ട്,പൊതുവിഭാഗം)<br>2)181320/-(മറ്റുള്ളവ)(ഗുണഭോക്തൃ വിഹിതം ) |
| തുക/ബിൽ നം/തീയതി | 1)494100/- 11/8.2.2023<br>2)575100/- 14/21.2.2023<br>3)18720/- 17/ 18.3.23 |

ആരക്കുഴ ഗ്രാമ പഞ്ചായത്തിൽ കുറഞ്ഞത് അഞ്ച് എണ്ണം മുതൽ പരമാവധി 30 തെങ്ങു വരെ സ്വന്തമായി തെങ്ങു കൃഷി ചെയ്യുന്ന കർഷകരെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ആകെ 12088 തെങ്ങിന് തെങ്ങിൻ തലപ്പ് ഒരുക്കി വൃത്തിയാക്കി കീടനാശിനി പ്രയോഗം നടത്തുന്നതിനാണ് പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. കാർഷിക കർമ്മസേന മുഖേന ഫ്രണ്ട്സ് ഓഫ് കോക്കനട്ട് ട്രീസ് എന്ന സ്ഥാപനവും കൂടി സംയുക്തമായാണ് പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്. ഗുണഭോക്തൃ വിഹിതമായി ഒരു തെങ്ങിന് 15 രൂപയാണ് ഈടാക്കിയിരിക്കുന്നത്. ഗ്രാമപഞ്ചായത്തിലെ 488 ഗുണഭോക്താക്കളിൽ നിന്നും ആകെ ഗുണഭോക്തൃവിഹിതമായി 181320/-രൂപ ഈടാക്കിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ നിന്നും മുകളിൽ കൊടുത്തിരിക്കുന്ന 3 ബില്ലുകൾ പ്രകാരം 12088 എണ്ണം തെങ്ങുകളുടെ മണ്ട വൃത്തിയാക്കി മരുന്ന് തളിച്ച കൂലിയിനത്തിൽ ആകെ 1269240/-രൂപ കാർഷിക കർമ്മസേനയുടെ അക്കൗണ്ടിലേക്ക് നിർവ്വഹണോദ്യോഗസ്ഥൻ നൽകിയിട്ടുണ്ട്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1)പ്രവൃത്തി കാര്യക്ഷമമായി നടന്നിട്ടുള്ളതായി ഫയലിൽ നിന്നും വ്യക്തമാകുന്നില്ല. 12088 എണ്ണം തെങ്ങുകളിൽ പദ്ധതി നടപ്പിലാക്കി എന്നു പറയുന്നുണ്ടെങ്കിലും ഓരോ ഗുണഭോക്താവിന്റെയും എത്ര വീതം തെങ്ങുകൾക്കാണ് പദ്ധതി നടപ്പിലാക്കിയതെന്ന് ഫയലിൽ നിന്നും വ്യക്തമാകുന്നില്ല. പദ്ധതി നടപ്പിലാക്കിയതായി രേഖപ്പെടുത്തിയ സ്ഥാപനത്തിന്റെ സർവീസ് ഡാറ്റാ ഷീറ്റ് വച്ചിട്ടുണ്ടെങ്കിലും നിർവ്വഹണോദ്യോഗസ്ഥൻ സ്ഥലപരിശോധന നടത്തി പദ്ധതി കാര്യക്ഷമമായി നടപ്പാക്കി എന്ന് ഉറപ്പാക്കുന്ന മോണിറ്ററിംഗ് റിപ്പോർട്ട്/ഇൻസ്പെക്ഷൻ റിപ്പോർട്ട് സാക്ഷ്യപ്പെടുത്തി (ഓരോ ഗുണഭോക്താവിന്റേയും തെങ്ങുകളുടെ എണ്ണം രേഖപ്പെടുത്തി ) ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2) കാർഷിക കർമ്മസേനയുടെ അക്കൗണ്ടിൽ നിന്നും ഫ്രണ്ട്സ് ഓഫ് കോക്കനട്ട് ട്രീസ് എന്ന സ്ഥാപനത്തിന് പണം നൽകിയ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.10/9.8.2023) മറുപടി ലഭ്യമായിട്ടില്ല. അപാകതകൾ പരിഹരിച്ച് രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

## 1-16 ലൈഫ് ഭവന പദ്ധതി (എസ്.സി)-പണി പൂർത്തീകരിച്ചിട്ടില്ല.

| | |
|---|---|
| പ്രോജക്ടിന്റെ നമ്പർ / പേര് | എസ് 0032, എസ് 0032/ ലൈഫ് ഭവനം (എസ്.സി) |
| അടങ്കൽ | 1) 1101191/- (വികസനഫണ്ട് )<br>2) 40,00,000/- (വികസനഫണ്ട് - SCP) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ |
| ചെലവ് വിവരം | 1)899000/-<br>2)3,00,000/- |

2022-23 വർഷം വി.ഇ.ഒ നിർവ്വഹണം നടത്തിയ ലൈഫ് ഭവനം(എസ്.സി) പദ്ധതിയിൽ 5 ഗുണഭോക്താക്കൾക്ക് പണി പൂർത്തീകരിക്കുന്നതിന് തുക അനുവദിച്ചിരുന്നു. അതിൽ താഴെപ്പറയുന്ന ഗുണഭോക്താക്കൾ തുക കൈപ്പറ്റിയെങ്കിലും പ്രവൃത്തി പൂർത്തീകരിച്ചതായി കാണുന്നില്ല.

| ഗുണഭോക്താവിന്റെ പേര് വിവരം | തുക ചെലവഴിച്ചത് |
|---|---|
| സതീഷ്.കെ.കെ<br>തരിമ്പിൽ ഹൗസ്<br>പെരുമ്പല്ലൂർ<br>വാർഡ്-9<br>ആരക്കുഴ | 3,00,000 |
| രജി എം.കെ<br>മാലിയേക്കത്തടത്തിൽ<br>പാണ്ടിപ്പിള്ളി<br>വാർഡ്-7 | 3,00,000 |

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(7/09.08.2023) ലഭ്യമാക്കിയ മറുപടിയിൽ സതീഷ് കെ. എന്ന ഗുണഭോക്താവിന്റെ വീട് പണി 2023-24 വർഷം പൂർത്തിയാക്കിയെന്നാണ്. എന്നാൽ ഫണ്ട് ഇല്ലാത്തതിനാൽ അവസാന ഗഡു തുക അനുവദിച്ചിട്ടില്ലായെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഭവന നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ച് തുക നൽകുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-17 കുടിവെള്ള ടാങ്ക് നിർമ്മാണം, വാർഡ്-07- അപാകത

| | |
|---|---|
| പ്രോജക്ട് നമ്പർ/തീയതി | എസ്0079/23, എസ്0036/23 / കുടിവെള്ള ടാങ്ക് നിർമ്മാണം, വാർഡ്-07 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനിയർ |
| പദ്ധതി അടങ്കൽ | 450000/-(സിഎഫ്.സി ഫണ്ട്) |
| ചെലവ് തുക | 449176/- (ബിൽ നമ്പർ/തീയതി- XVFC/2022-23-23/P/2 Dt.24.08.2022) |
| എം.ബുക്ക് | 427/21-22, 428/21-22 |
| കരാറുകാരൻ | ജോബി ജോർജ്ജ് |
| കഎഗ്രിമെന്റ് തീയതി | 26/AE/LSGD/ARK/2021-22 Dtd 19.01.2022 |
| പദ്ധതി പൂർത്തീകരണ കാലാവധി | 6 മാസം(07.06.2022) |

ആരക്കുഴ ഗ്രാമപഞ്ചായത്തിലെ 7-ാം വാർഡിലെ മലമുകളിലുള്ള കുടുംബങ്ങൾക്ക് നിലവിലുള്ള കേരള വാട്ടർ അതോറിറ്റിയുടെ പൈപ്പ് കണക്ഷനിൽ നിന്നും കുടിവെള്ളം എത്തിക്കാൻ സാധിക്കാത്തതിനാൽ ഏറ്റവും ഉയരം കൂടിയ ഭാഗത്ത് 9000 ലിറ്റർ ശുദ്ധജലം സംഭരിക്കാവുന്ന സംഭരണി നിർമ്മിക്കുവാനും അതിന് കേരള വാട്ടർ അതോറിട്ടിയുടെ മെയിൻലൈനുമായി കണക്ട് ചെയ്ത് ടാങ്കിൽ ജലം സംഭരിക്കുവാനും 50mm പി.വി.സി. ജലവിതരണ പൈപ്പുകൾ വഴി കുറെ കുടുംബങ്ങൾക്ക് കുടിവെള്ളം എത്തിക്കുവാനുമായി കേരള വാട്ടർ അതോറിറ്റിയുടെ എൻ.ഒ.സി. യോടു കൂടിയാണ് പദ്ധതി തയ്യാറാക്കിയത്. ഇതുമായി ബന്ധപ്പെട്ട് 15.01.2022 ലെ നമ്പർ 78/2021-22 പ്രകാരം കരാറുകാരന് സെലക്ഷൻ നോട്ടിസ് നൽകുകയും ചെയ്തു.എന്നാൽ നിർമ്മിക്കേണ്ട ജലസംഭരണിയുടെ ഭിത്തിയുടെ കനം,

സ്ലാബിന്റെ കനം, ഉയരം എന്നിവയിൽ മാറ്റം വരുത്തുകയും പി.വി.സി പൈപ്പിന് പകരം എച്ച്.ഡി.പി.ഇ. നിലവാരത്തിലുള്ള ഗുണമേന്മയുള്ള പൈപ്പുകൾ മതിയെന്ന പൊതുജനത്തിന്റെ അഭിപ്രായത്തിന്റെയും വാർഡ് മെമ്പറുടെ ശുപാർശയുടെയും അടിസ്ഥാനത്തിൽ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് തീരുമാനിച്ചു. 20.06.2022 ലെ 1/05-ാം നമ്പർ കമ്മിറ്റി തീരുമാന പ്രകാരം അടങ്കൽ മാറ്റം വരുത്താതെ (450000/-)എസ്റ്റിമേറ്റ് റിവൈസ് ചെയ്തു. ഇതു പ്രകാരം കരാറുകാരൻ പ്രവൃത്തി ഏറ്റെടുത്തിട്ടുണ്ട്. എം-ബുക്ക് 427/21-22, 428/22-23 പ്രകാരം 449176/-രൂപയുടെ പ്രവൃത്തി പൂർത്തിയാക്കിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ നാളിതുവരെ വാട്ടർടാങ്ക് പ്രവർത്തന സജ്ജമായിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ-8/തീയതി 09.08.2022 ന് ലഭ്യമാക്കിയ മറുപടിയിൽ ഫണ്ട് അപര്യാപ്തമായിരുന്നുവെന്നും പഞ്ചായത്ത് കമ്മറ്റി തീരുമാനപ്രകാരം റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി ടാങ്കിന്റെ ടോപ്പ് ഓപ്പണിംഗ് കവർ, ഇരുമ്പ് ഗോവണി, പ്ലാറ്റ് ഫോം തുടങ്ങിയ ഐറ്റങ്ങൾ ഒഴിവാക്കിയാണ് ടാങ്കിന്റെ പണിയും മെയിൻ ഡിസ്ട്രിബ്യൂഷൻ പൈപ്പുകളുടെ പണികളും പൂർത്തിയാക്കിയത് എന്നും വ്യക്തമാക്കിയിരുന്നു. 2022-23 മാർച്ച് മാസത്തെ ഡി.പി.സിയിൽ പദ്ധതി പൂർത്തീകരണത്തിന് സി.എഫ്.സി ഫണ്ട് ലഭിച്ചിട്ടുണ്ടെന്നും പദ്ധതി പൂർത്തിയാക്കുന്നതാണെന്നും മറുപടിയിൽ വ്യക്തമാക്കിയിരുന്നു. മുഴുവൻ പണി പൂർത്തിയാക്കി കുടിവെള്ള സംഭരണി ഉപയോഗയോഗ്യമാക്കുന്നതുവരെ ഈ പദ്ധതിക്ക് ഇതുവരെ ചെലവഴിച്ച 449176/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

### 1-18 ജി.എസ്.ടി ഈടാക്കിയിട്ടില്ല.

2021-22 വർഷം ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി നടപ്പിലാക്കിയ പദ്ധതികളിൽ മെറ്റീരിയൽ ഉപയോഗിച്ചുള്ള 2,50,000/-രൂപയ്ക്ക് മുകളിലുള്ള പ്രവൃത്തിക്ക് ജി.എസ്.ടി ഈടാക്കിയിട്ടില്ല. വിശദ വിവരം താഴെ ചേർക്കുന്നു.

| പ്രവൃത്തി/എം ബുക്ക് നം. | മെറ്റീരിയലിന്റെ ആകെ വില | ഈടാക്കേണ്ട GST (2%) | തുക അനുവദിച്ച വർഷം |
|---|---|---|---|
| എരിഞ്ഞേലി റോഡ് ടൈലിംഗ് -വാർഡ് -03<br>എം ബുക്ക് നം.01/22-23 | 3,32,336 | 6646 | 22-23 |
| ആകെ | 3,32,336 | 6646 | |

നിയമാനുസൃത നികുതികൾ വർക്കുമായി ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ട് ഹെഡിൽ അടക്കേണ്ടതാണ്.

### 1-19 ഓഡിറ്റ് ഇംപാക്ട്

2021-22 വർഷം ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി നടപ്പിലാക്കിയ പദ്ധതികളിൽ മെറ്റീരിയൽ ഉപയോഗിച്ചുള്ള 2,50,000/-രൂപയ്ക്ക് മുകളിലുള്ള പ്രവൃത്തിക്ക് ജി.എസ്.ടി. ഈടാക്കിയിട്ടില്ല. ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (9/09.08.2023)ക്ക് ലഭ്യമാക്കിയ മറുപടിയിൽ ഉപ്പുകണ്ടം പട്ടമലറോഡ് റീട്ടാറിംഗ്-വാർഡ് -12 ജി.എസ്.ടി 6,432/- പഞ്ചായത്ത് ഫണ്ടിൽ (രസീത് നമ്പർ/തീയതി-1230400083/G071402) അടവാക്കിയതായി അറിയിച്ചിട്ടുണ്ട്.

### 1-20 തെരുവ് വിളക്ക് സ്ഥാപിക്കലും പരിപാലനവും പദ്ധതി നടത്തിപ്പിലെ അപാകതകൾ

| | |
|---|---|
| പ്രോജക്റ്റ് നം | എസ്0002/23 |
| പദ്ധതി | പഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ഥാപിക്കുന്നതിന് തെരുവ് വിളക്ക് വാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

| | |
|---|---|
| അടങ്കൽ | 495000(ധനകാര്യകമ്മിഷൻ അവാർഡ്) |
| ബിൽ നം തിയതി | 2212065208101230289 തീയതി 23.2.23 രൂ 314737/- |

മേൽ പദ്ധതിയിൽപ്പെടുത്തി ലൂമിനി പവർടെക് കോട്ടയം എന്ന സ്ഥാപനത്തിൽ നിന്നും 314737 രൂപയുടെ ലൈറ്റുകളും അനുബന്ധ സാമഗ്രികളും വാങ്ങിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| 12 W Led ബൾബ് | 1520 |
| അലൂമിനിയം വയർ 2 കോർ | 19 |
| ഇൻസുലേഷൻ ടേപ്പ് | 52 |
| അലൂമിനിയം വയർ 1 കോർ | 10 |
| പെന്റൻഡ് ഹോൾഡർ | 1310 |
| 24 W Led ട്യൂബ് | 195 |
| അലൂമിനിയം ഷേയ്ഡ് | 400 |

തെരുവ് വിളക്കുകളെ സംബന്ധിച്ച്, അവയുടെ എണ്ണം, പോസ്റ്റ് നമ്പർ, മറ്റ് വിവരങ്ങൾ എന്നിവ രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിക്കുന്നില്ല. തെരുവ് വിളക്കുകളുടെ രജിസ്റ്റർ തയ്യാറാക്കി ലൈറ്റുകൾ എതൊക്കെ പോസ്റ്റുകളിൽ എന്നു സ്ഥാപിച്ചുവെന്ന് വ്യക്തത ഉണ്ടെങ്കിൽ മാത്രമേ ലൈറ്റുകൾ കേടാകുന്ന പക്ഷം വാറന്റി പിരിയഡിൽ മാറ്റി സ്ഥാപിക്കുവാൻ സാധിക്കുകയുള്ളൂ. വാങ്ങിയ തെരുവ് വിളക്കുകളുടെ വിതരണവും വിനിയോഗ വിവരവും പഞ്ചായത്തിൽ കൃത്യമായി സൂക്ഷിച്ചിട്ടില്ല. ലൈറ്റുകൾ കേടായിപോയാൽ വാറന്റിയിൽ മാറ്റി ലഭിക്കുന്നതിനോവേണ്ടിയുള്ള യാതൊരു വിധ നടപടികളും സ്വീകരിക്കുന്നില്ലായെന്നു കാണുന്നു. ഒരു വർഷം ആവശ്യമുള്ള തെരുവ് വിളക്കുകളുടെ എണ്ണം, അവയുടെ പരിപാലനം എന്നിവ സംബന്ധിച്ച് യാതൊരുവിധ പഠനവുമില്ല. ഒരു സാമ്പത്തിക വർഷം ആവശ്യമുള്ള, സാധാരണ ബൾബുകൾ, LED, CFL എന്നിവ സംബന്ധിച്ച് പ്രാഥമിക ധാരണയില്ല. വർഷാരംഭത്തിൽ ജനപ്രതിനിധികളുടെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും സാന്നിധ്യത്തിൽ പരിശോധന നടത്തി ഒരുവർഷം ആവശ്യമുള്ള തെരുവ് വിളക്കുകളുടെ ഡിമാന്റ് എത്രയെന്ന് തിട്ടപ്പെടുത്തി പദ്ധതിയിൽ ഉൾപ്പെടുത്താൻ ശ്രദ്ധിക്കണം. രജിസ്റ്ററുകൾ എഴുതി സൂക്ഷിച്ച് കൃത്യമായ പരിപാലനം ആവശ്യമാണ് ഭരണ സമിതിയുടെ അടിയന്തിര ശ്രദ്ധ ഈ വിഷയത്തിലേയ്ക്ക് ക്ഷണിക്കുന്നു.

## 1-21 അതിദാരിദ്ര്യ മൈക്രോപ്ലാൻ പൂർണ്ണമായി നടപ്പിലാക്കിയില്ല

അതിദാരിദ്ര്യം പരിഹരിക്കുന്നതിനുള്ള അതിജീവന ആവശ്യങ്ങൾ, അടിസ്ഥാന സൗകര്യങ്ങൾ, ആരോഗ്യ പരിരക്ഷ, വികസന ആവശ്യങ്ങൾ ഉൾപ്പെടെ എല്ലാവിധ ഘടകങ്ങളും ഉൾപ്പെടുത്തി അതിദാരിദ്ര്യ സർവ്വേയിൽ കണ്ടെത്തിയവർക്ക് മൈക്രോപ്ലാൻ പഞ്ചായത്തിൽ രൂപീകരിക്കണമെന്ന് പതിനാലാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിൽ (സ.ഉ(കൈ.) 84/2022/തസ്വഭവ തീയതി 19.4.2022) പറഞ്ഞിട്ടുണ്ട്. പഞ്ചായത്തിൽ അതിദാരിദ്ര്യ സർവ്വേ നടത്തി 15 ഗുണഭോക്താക്കളെ കണ്ടെത്തിയിരുന്നു. 26.9.2022-ലെ 2(1)-ാം നമ്പർ തീരുമാനം പ്രകാരം പഞ്ചായത്തിലെ അതിദാരിദ്ര്യ മൈക്രോപ്ലാനിന് അംഗീകാരം ലഭിച്ചു. അതി ദരിദ്രർക്ക് സഹായം നല്കുന്നതിനായി 53/23 നമ്പർ പ്രോജക്ടിൽ ₹1,00,000/- വകയിരുത്തിയിരുന്നെങ്കിലും പദ്ധതി പ്രകാരം തുകയൊന്നും ചെലവഴിച്ചിട്ടില്ല. സമൂഹത്തിൽ ഏറെ അവശത അനുഭവിക്കുന്ന ജനവിഭാഗത്തിനായി വകയിരുത്തിയ തുക വിനിയോഗിക്കാത്തത് അഭിലഷണിയമല്ല. ഭവനനിർമ്മാണം ആവശ്യമുള്ള ഗുണഭോക്താക്കളെ ലൈഫിന്റെ ലിസ്റ്റിൽ ഉൾപ്പെടുത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതിദാരിദ്ര്യ/മൈക്രോപ്ലാൻ പ്രകാരം വിഭാവനം ചെയ്ത എല്ലാ ആനുകൂല്യങ്ങളും (മരുന്ന്, കുടിവെള്ളം, ടോയ്‌ലറ്റ്, വസ്ത്രം) ഗുണഭോക്താക്കൾക്ക് ലഭ്യമാക്കാൻ പഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-22 വാതിൽപ്പടി സേവനം നടപ്പാക്കുന്നതിൽ വീഴ്ച

പ്രായാധിക്യം, ഗുരുതര രോഗം, അതിദാരിദ്ര്യം തുടങ്ങിയ പലവിധ കാരണങ്ങൾ കാരണം അവശത

അനുഭവിക്കുന്നവരുടെയും അറിവില്ലായ്മയും മറ്റ് നിസ്സാഹായാവസ്ഥകളും മൂലം സർക്കാർ സേവനങ്ങൾ യഥാസമയം കൃത്യമായി ലഭിക്കാതിരിക്കുന്ന ജനവിഭാഗങ്ങളുടെയും അടുത്തേക്ക് കൂടുതൽ സുഗമവും സമയബന്ധിതവുമായി സേവനങ്ങൾ എത്തിക്കാനാണ് വാതിൽപ്പടി സേവനം എന്ന ആശയത്തിന് സർക്കാർ രൂപം നൽകിയത്. പഞ്ചായത്തിന്റെ നേതൃത്വത്തിൽ സാമൂഹിക നീതി വകുപ്പിന്റെയും സന്നദ്ധ സേവകരുടെയും സഹായത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്. മസ്റ്ററിംഗ്, ലൈഫ് സർട്ടിഫിക്കറ്റ്, സാമൂഹിക സുരക്ഷ പെൻഷൻ അപേക്ഷ, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് സഹായത്തിനുള്ള അപേക്ഷ, ജീവന രക്ഷാമരുന്നുകൾ എത്തിക്കൽ ഉൾപ്പെടെയുള്ള സേവനങ്ങൾ ആവശ്യക്കാരുടെ അടുത്തേക്ക് ലഭ്യമാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. 05.05.2022-നാണ് പഞ്ചായത്തിൽ വാതിൽപ്പടി സേവനത്തിന്റെ ഉദ്ഘാടനം നടന്നത്. പഞ്ചായത്തിൽ 18 പേരടങ്ങുന്ന സന്നദ്ധപ്രവർത്തകരുടെ ലിസ്റ്റ് പഞ്ചായത്ത് തയ്യാറാക്കിയിട്ടുണ്ടെങ്കിലും അവരുടെ പോലീസ് വെരിഫിക്കേഷൻ ഉൾപ്പെടെയുള്ള നടപടികൾ പൂർത്തിയാക്കി ലിസ്റ്റിന് അന്തിമ രൂപം നൽകിയിട്ടില്ല. പഞ്ചായത്ത് കമ്മിറ്റിയുടെ 9.5.2022-ലെ 2(1)-ാം നമ്പർ തീരുമാനം പ്രകാരം വാതിൽപ്പടി സേവനത്തിന് അർഹതയുള്ള 35 ഗുണഭോക്താക്കളുടെ പട്ടികയ്ക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. എന്നാൽ, നാളിതുവരെ പദ്ധതിയിലൂടെ ഒരു ഗുണഭോക്താവിനുപോലും സേവനം നൽകാൻ പഞ്ചായത്തിന് സാധിച്ചിട്ടില്ല. പദ്ധതി ഊർജ്ജിതപ്പെടുത്തി അവശത അനുഭവിക്കുന്നവർക്ക് ആവശ്യമായ സേവനം സമയബന്ധിതമായി നൽകാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-23 ഡെപ്പോസിറ്റ് പ്രവൃത്തി അവലോകനം

സർക്കുലർ നമ്പർ ഡി എ 1/179/22 തസ്വഭവ തീയതി 10-07-2022 പ്രകാരം കെ.എസ്.ഇ.ബി, കെ.ഡബ്ല്യൂ.എ, ജി.ഡബ്ല്യൂ.എ എന്നിവ മുഖേന നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികളുടെ തുക സാമ്പത്തിക വർഷാരംഭത്തിൽ തന്നെ ഡെപ്പോസിറ്റ് ചെയ്യേണ്ടതും അതാത് വർഷം തന്നെ പൂർത്തീകരിക്കാൻ നിർദേശിക്കേണ്ടതുമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. 2022-23 വർഷം ആരക്കുഴ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നിർവഹണം നടത്തിയ ഡെപ്പോസിറ്റ് പ്രവൃത്തികളിൽ ഒരെണ്ണമൊഴികെ മറ്റൊരു പ്രവൃത്തിയും തൻവർഷം പൂർത്തിയാക്കിയിട്ടില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പ്രവൃത്തിയുടെ പേര് | നിർവഹണ ഏജൻസി | ബിൽ നം. തീയതി | ചെലവഴിച്ച തുക | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | 89/23 കേരള ഇലക്ട്രിസിറ്റി ബോർഡ് | ആരക്കുഴ ചന്ത റോഡ് ലൈൻ ഷിഫ്റ്റിംഗ് -വാർഡ്-8 സ്ഥാപിക്കലും ലൈൻ ഷിഫ്റ്റിംഗും | KSEB | 221202520/ 09.03.2023<br>221202521/ 28.03.2023 | 98037<br>23593 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചു |
| 2 | 56/23 | SNDP താണിക്കുഴി ത്താഴം റോഡ് സ്ട്രീറ്റ് ലെയിൻ സ്ഥാപിക്കൽ | KSEB | 14400/21.10.23 | 69930 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല |
| 3 | 52/23 | ആരക്കുഴ പൊതു ശൗച്ചാലയത്തിന് ഇലക്ട്രിസിറ്റി, വാട്ടർ കണക്ഷൻ എടുക്കൽ | KWA<br>KSEB | 14400831682 /28.04.22 | 23290<br>2810<br>13049 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല |

ക്രമ നം 2, 3 എന്നിവ പ്രകാരമുള്ള പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിച്ച് വർക്ക്ബിൽ, കംപ്ലീഷൻ സർട്ടിഫിക്കറ്റ്, വാല്യുവേഷൻ സർട്ടിഫിക്കറ്റ് എന്നിവ ലഭ്യമാക്കിയിട്ടില്ല. മുൻവർഷങ്ങളിൽ വിവിധ പ്രവൃത്തികൾക്കായി വാട്ടർ അതോറിറ്റി, വൈദ്യുതി ബോർഡ് എന്നിവടങ്ങളിൽ നിക്ഷേപിച്ച തുകയ്ക്കുള്ള വിനിയോഗ വിവരവും ലഭ്യമാക്കിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നം. 02/2022-23 തീയതി:

7-08-2023) കഴിഞ്ഞ 3 വർഷങ്ങളിൽ പഞ്ചായത്ത് വിവിധ ഏജൻസികളിൽ നിക്ഷേപിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

2021-22

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നല്കിയ തുക | ബിൽ നം./ തീയതി | ചെലവഴിച്ച തുക | ചെലവഴിക്കവാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള ഇലക്ട്രിസിറ്റി ബോർഡ് | ആരക്കുഴ ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കലും ലൈൻ ഷിഫ്റ്റിംഗും | 199988/- | 168/23.02.2022 | 0 | 199988/- |

2020-21

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | ആരക്കുഴ -തോട്ടക്കര റോഡ് പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കൽ എസ് 0139/20-21 | ഫണ്ട് ട്രാൻസ്ഫർ | 150000 | | 150000 |
| | ആരക്കുഴ ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ സ്ഥാപിക്കൽ എസ് 0063/20-21 | ഫണ്ട് ട്രാൻസ്ഫർ | 2091291 | 0 | 2091291 |
| | ആരക്കുഴ ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ സ്ഥാപിക്കൽ | ലഭ്യമല്ല | 686000 | 0 | 686000 |
| കെ.എസ്.ഇ.ബി | ആരക്കുഴ ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ | ലഭ്യമല്ല | 764898 | 0 | 764898 |
| | ആരക്കുഴ ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ എസ് 0062/20-21 | ബിൽ നം 199/21 തീ 04.3.2021 | 252062 | 79355 | 172707 |
| | ആരക്കുഴ ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ എസ് 0124/20-21 | ബിൽ നം. 04/21 തീ 11.04.2020 | 234468 | 100000 | 134468 |

2019-20

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക |
|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | പൊതു ടാപ്പുകൾ സ്ഥാപിക്കൽ | ലഭ്യമാക്കിയില്ല | 6000 | 0 |
| | കങ്ങരപ്പാറ റോഡ് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | ലഭ്യമാക്കിയില്ല | 327000 | 0 |

| | | | | |
|---|---|---|---|---|
| | ആരക്കുഴ ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ വലിക്കൽ എസ് 0077/20 | ലഭ്യമാക്കിയില്ല | 353000 | 0 |
| കെ.എസ്.ഇ.ബി | ആരക്കുഴ ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ എസ് 0075/20 | ബിൽ നം 95/20 തീയതി 15.11.2019 | 969150 | 318517 |
| | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ | ഫണ്ട് ട്രാൻസ്ഫർ | 371767 | 0 |
| | മഞ്ഞമാക്കിത്തടം കുടിവെള്ള പദ്ധതി-മോട്ടർപ്പുര വൈദ്യുതീകരണം | ഫണ്ട് ട്രാൻസ്ഫർ | 61015 | 0 |

വിവിധ പ്രവൃത്തികൾക്കായി തുക കെ എസ് ഇ ബിക്ക് ഡെപ്പോസിറ്റ് ചെയ്യുമ്പോൾ കെ.എസ്.ഇ. ബി, ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുമായി കരാർ ചമക്കുന്നില്ല. കെ.ഡബ്ല്യു.എ. കരാർ ചമച്ചിട്ടുണ്ടെങ്കിലും കരാറിൽ വ്യവസ്ഥകളൊന്നും രേഖപ്പെടുത്തുന്നില്ല. പ്രോജക്ടുകൾ ഏറ്റെടുക്കുമ്പോൾതന്നെ തദ്ദേശ സ്വയംഭരണസ്ഥാപനവും, വൈദ്യുതി ബോർഡും തമ്മിൽ കരാർ വെക്കണമെന്ന് സർക്കുലർ നം 40308/ഡി പി/03 ത.സ്വ.ഭ.വ. തീയതി 21.08.2003 ൽ നിർദ്ദേശിച്ചിട്ടുണ്ട്.

വാർഷിക കണക്കുകൾ പ്രകാരം വാട്ടർ അതോറിറ്റിയിൽ ₹2090673/-, കെ എസ് ഇ ബിക്ക് ₹1041114/- അഡ്വാൻസായി നല്കിയിട്ടുണ്ട്. എന്നാൽ ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യതയോടെ തയ്യാറാക്കാത്തതിനാൽ വാർഷിക കണക്കിലെ തുകയുടെ കൃത്യത വ്യക്തമാകുന്നില്ല (മുൻ വർഷങ്ങളിൽ വാർഷിക പദ്ധതികൾ മുഖേന നടപ്പാക്കിയ നിക്ഷേപ പ്രവൃത്തികളുടെ വിവരങ്ങളാണ് മുകളിൽ ചേർത്തിട്ടുള്ളത്). തൻ വർഷം ഡെപ്പോസിറ്റ് ചെയ്ത തുകകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. ചുരുക്കത്തിൽ മുൻ വർഷങ്ങളിൽ എത്ര രൂപ വിവിധ നിർവ്വഹണ ഏജൻസികൾക്ക് നല്കിയിട്ടുണ്ടെന്നോ അവയിൽ എതെല്ലാം പ്രവർത്തികളാണ് പൂർത്തിയായിട്ടുള്ളതെന്നോ എത്ര രൂപ തിരികെ ഈടാക്കേണ്ടതുണ്ടെന്നുള്ളതും സംബന്ധിച്ച് പഞ്ചായത്തിന് യാതൊരു കണക്കുകളോ രേഖകളോ ഇല്ല. വിവിധ പ്രവൃത്തികൾക്കായി തുക നിർവ്വഹണ ഏജൻസികൾക്ക് ഡെപ്പോസിറ്റ് ചെയ്ത വേളയിൽ ഗ്രാമ പഞ്ചായത്ത് നിർവ്വഹണ ഏജൻസികളുമായി കരാർ ചമക്കാത്തതിനാൽ നിയമ നടപടികൾ സ്വീകരിക്കാനാവില്ല.

നിർവ്വഹണ ഏജൻസികൾ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതും ഫലപ്രദമായി മോണിറ്ററിംഗ് നടത്തേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത്. | | |

### 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| സ്ഥാപനം | തുക ലഭിച്ച വർഷം | പ്രൊജക്ട് നമ്പർ/പേര് | ലഭിച്ച തുക | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 15/23 പാലിയേറ്റീവ് കെയർ | 2,21,920 | 2,21,920 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 25/23 ലൈഫ് ഭവനപദ്ധതി - എസ് സി | 1,00,000 | 1,00,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 32/23 ലൈഫ് ഭവനപദ്ധതി - എസ് സി | 1,07,809 | 1,07,809 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 114/23 പണ്ടപ്പിള്ളി ആശുപത്രിക്ക് റോഡ് ടൈലിംഗ് | 2,17,069 | 2,17,069 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 67/23 ക്ഷീര കർഷകർക്ക് പാലിന് സബ്സീഡി | 3,25,000 | 3,25,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 123/23 എസ്.സി വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് | 2,00,000 | 2,00,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 95/23 തരിശ് നെൽകൃഷി വികസനം | 24,000 | 24,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 41/23 നെൽകൃഷി വികസനം | 41,496 | 41,496 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 77/23 ഭിന്നശേഷി വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് | 1,50,840 | 1,50,840 | 0 |
| ആകെ | | | 13,88,134 | 13,88,134 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 67/23 ക്ഷീര കർഷകർക്ക് പാലിന് സബ്സീഡി | 2,50,000 | 2,50,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 123/23 എസ്.സി വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് | 2,85,000 | 2,85,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 95/23 തരിശ് നെൽകൃഷി വികസനം | 24,000 | 24,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 41/23 നെൽകൃഷി വികസനം | 41,500 | 41,500 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 77/23 ഭിന്നശേഷി വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് | 50,280 | 50280 | 0 |
| ആകെ | | | 6,50,780 | 6,50,780 | 0 |

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരം

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പ്രവൃത്തിയുടെ പേര് | നിർവഹണ ഏജൻസി | ബിൽ നം. തീയതി | ചെലവഴിച്ച തുക | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | 89/23 കേരള | ആരക്കുഴ ചന്ത റോഡ് ലൈൻ | KSEB | 221202520/ 09.03.2023 | 98037 | വിനിയോഗ സാക്ഷ്യപത്രം |

| | | | | | | |
|---|---|---|---|---|---|---|
| | ഇലക്ട്രിസിറ്റി ബോർഡ് | ഷിഫ്റ്റിംഗ് -വാർഡ്-8 സ്ഥാപിക്കലും ലൈൻ ഷിഫ്റ്റിംഗും | | 221202521/ 28.03.2023 | 23593 | ലഭിച്ചു |
| 2 | 56/23 | SNDP താണിക്കുഴി ത്താഴം റോഡ് സ്ട്രീറ്റ് ലെയിൻ സ്ഥാപിക്കൽ | KSEB | 14400/21.10.23 | 69930 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല |
| 3 | 52/23 | ആരക്കുഴ പൊതു ശൗചാലയത്തിന് ഇലക്ട്രിസിറ്റി, വാട്ടർ കണക്ഷൻ എടുക്കൽ | KWA<br>KSEB | 14400831682 /28.04.22 | 23290<br>2810<br>13049 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-5 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദ വിവരവും താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | (1)ജി.ഒ4451/20 /ധനം03.03.2020<br>(2)ജി.ഒ.43/20 /ധനം/01.01.2021 | - | 3336800 | 10,75,625 | 0 | 22,61,175 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം തുകയൊന്നും ലഭിച്ചിട്ടില്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

സ്ഥാപനത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1996-97 | 23 | 2001-02 | 358 | മണൽലേലം ലേലക്കാരന് സഹായകരമായി പ്രവർത്തിച്ചതുവഴി 39700/- പഞ്ചായത്തിനു നഷ്ടം | നിയമ സഭസമിതി ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മറ്റി 2006-08-18ാം റിപ്പോർട്ട് പേജ് 109 ൽ ഉൾപ്പെട്ടിട്ടുള്ളതാണ്. |
| 1997-98 | 33 | 2001-02 | 56 | പഠനോപകരണ വിതരണം ക്രമക്കേട് | |

| | | | | | |
|---|---|---|---|---|---|
| 1997-98 | 34 | 2001-02 | 371 | വീട് നന്നാക്കാൻ-അനധികൃത ചെലവ് | |
| 1997-98 | 48 | 2001-02 | 372 | ഉപാധി രഹിത ഫണ്ട്-റോഡ് ടാറിംഗ് ഫണ്ട് ദുർവിനിയോഗം | ഉദ്യോഗസ്ഥനെതിരെ വകുപ്പ് തല നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. |
| 1997-98 | 49 | 2001-02 | 376 | റോഡ് പണി -ക്രമക്കേടുകൾ | സർച്ചാർജ് നടപടി ജില്ലാ കോടതി തടഞ്ഞിട്ടുള്ളതാണ് |
| 1997-98 | 50 | 2001-02 | 387 | റോഡ് പണി -ക്രമക്കേടുകൾ | |
| 1997-98 | 51 | 2001-02 | 381 | റോഡ് പണി -ക്രമക്കേടുകൾ | |
| 2001-02 | 3-9 | 2004-05 | 3-7-1-1 | പഞ്ചായത്ത് കെട്ടിട നിർമ്മാണം-അധികച്ചെലവ് | |

4-9 ചാർജ് / സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 2,47,92,268 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 2,41,58,388 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ളനഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 5,70,285 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | 1,06,511 | ഡോ.ജോർജ്.കെ.എ മെഡിക്കൽ ഓഫീസർ സി.എച്ച്.സി, പണ്ടപ്പിള്ളി |
| 1-14 | 14,598 | ശ്രീ സന്തോഷ്.സി.ഡി, കൃഷി ഓഫീസർ |
| 1-17 | 4,49,176 | ശ്രീ വിനോദ് കുമാർ അസിസ്റ്റന്റ് എഞ്ചിനിയർ |
| | 5,70,285 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര് വിവരം |
|---|---|---|---|
| 1 | 1-18 | 6646 | മത്തായിക്കുഞ്ഞ് ടി ഒ, അസി. സെക്രട്ടറി |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ
ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| ക്രമ നം | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽ വിലാസം |
|---|---|---|---|

| | | | |
|---|---|---|---|
| 1 | സന്തോഷ്.സി.ഡി, കൃഷി ഓഫീസർ | കൃഷി ഓഫീസർ ആരക്കുഴ ഗ്രാമപഞ്ചായത്ത് | ചവറനാൽ, പെരുമ്പല്ലൂർ പി.ഒ, പെരിങ്ങഴ |
| 2 | മത്തായിക്കുഞ്ഞ് ടി ഒ, അസി. സെക്രട്ടറി | അസി. സെക്രട്ടറി, ആരക്കുഴ ഗ്രാമപഞ്ചായത്ത് | തേലക്കാട്ട്, പുതുപ്പാടി പി ഒ, കോതമംഗലം |
| 3 | ഡോ.ജോർജ്.കെ.എ മെഡിക്കൽ ഓഫീസർ സി.എച്ച്.സി | മെഡിക്കൽ ഓഫീസർ സി.എച്ച്.സി, പണ്ടപ്പിള്ളി | കാട്ടിത്തറ ഈസ്റ്റ് അത്തർ ചർച്ച്, ആലപ്പുഴ |
| 4 | ശ്രീ വിനോദ് കുമാർ പി.എം. അസിസ്റ്റന്റ് എഞ്ചിനിയർ | അസിസ്റ്റന്റ് എഞ്ചിനിയർ ആരക്കുഴ ഗ്രാമപഞ്ചായത്ത് | പെരുവീട്ടിൽ, കുത്തുകുഴി പി.ഒ. കോതമംഗലം |

.

## 4-11 തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | എൽ എഫ് ഇ പി 5 -52/2000/22-3-2001 |
| 1997-98 | എൽ എഫ് ഇ പി 5 -52/2000/22-3-2001 |
| 1998-99 | എൽ എഫ് ഇ പി 5 -1279/2000/16-7-2001 |
| 01-02 | എൽ എഫ് ഇ പി 5 -1702/2003/19-3-2004 |
| 03-04 | എൽ എഫ് ഇ പി 5 -1541/2009/15-3-2010 |
| 04-05 | എൽ എഫ് ഇ പി 5 -1542/2009/15-3-2010 |
| 05-06 | എൽ എഫ് ഇ പി 5 -1543/2009/15-3-2010 |
| 06-07 | എൽ എഫ് ഇ പി 5 -892/2008/19-01-2009 |
| 07-08 | എൽ എഫ് ഇ പി 5 -589/2010/22-10-2011 |
| 08-09 | എൽ എഫ് ഇ പി 5 -590/20010/22-10-2011 |
| 09-10 | എൽ എഫ് ഇ പി 8 -1066/2013/16-07-2013 |
| 12-13, 13-14 | എൽ എഫ് ഇ പി 8 -211/2015/03-03-2015 |
| 14-15 | എൽ എഫ് ഇ പി 8-879/2016/06-06-2016 |
| 15-16 | കെഎസ്എഇകെഎം(പി8)2039/2016/08/12/2016 |
| 16-17 | കെഎസ്എഇകെഎം(പി8)2025/2017/20/11/2017 |
| 17-18 | കെഎസ്എഇകെഎം(പി8)129/2019/18/03/2019 |
| 18-19 | കെഎസ്എഇകെഎം(പി8)128/2020/18/03/2019 |
| 19-20 | കെഎസ്എഇകെഎം(പി8)1290/2021/20/09/2021 |
| 20-21 | കെഎസ്എഇകെഎം(പി8) 1291/21/dated 9/2/2022 |
| 21-22 | കെഎസ്എഇകെഎം(പി8) 255/22/dated 14/04/2023 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

# Annexure 1

# Audit Certificate

i. I have audited the attached Financial statements approved vide resolution number 5/1 dated 30-06-2023 and submitted on 10-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Arakkuzha Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Arakkuzha Grama Panchayat for the year 2022-2023

Date: 19/10/2023

Deputy Director
District Office Ernakulam
Kerala State Audit Department

## Audit Report appended to the Audit Certificate of Arakkuzha Grama Panchayat for the Year 2022-2023.

**1.Major Observations**

1. Lack of free and independent access to Accounting and all other Softwares which have direct or indirect impact on financial reports and information

2.Lack of Panchayath Raj Budget rules adversely affecting budgetary control system.

3.The Asset value shown in Balance sheet is not traceable to Asset Register due to unsupported design of existing asset register.

4.Non inclusion of *Notes to accounts* in Financial statements and non disclosure of material facts.

5.Generation of financial reports showing contradictory information due to non integration of Accounting software with other related softwares.

**2.Other Observations**

1. Non inclusion of ratios along with Financial Statements.
2.Cash Flow statement -Net increase/decrease in cash flow does not match with difference between opening balance and closing balance of cash and cash equivalents.

3.Property Tax Demand Register does not match with Financial Statements.

4.Lapse in making timely and accurate demand entries in respect of Property tax.

5.Deposit register does not match with Financial Statements.

6.The supporting details of balance in Block and District panchayath share for Joint venture projects is not provided with the AFS.
7.Advance register does not match with Financial Statements.
8.Lack of authenticated journal vouchers for supporting the adjustment entries recorded in prior period items

9.Payment voucher Misclassification

DEPUTY DIRECTOR

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ ആരക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്